**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249** **10-10-2024 - ൽ മറുപടിയ്ക്ക്**

**കൊരട്ടി-ഓരുങ്കൽതടം-കരിമ്പിൻതോട് റോഡിന്റെ പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല സീസൺ കാലത്തും മറ്റും ഏറെ ഗതാഗത തിരക്കുള്ള പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി കൊരട്ടി-ഓരുങ്കൽതടം-കരിമ്പിൻതോട് റോഡിനെ എരുമേലി ബൈപ്പാസ് റോഡായി പ്രഖ്യാപിച്ച് അപ്രകാരം പുനർനാമകരണം ചെയ്ത് ദീർഘദൂര യാത്രക്കാരുടെ വാഹനങ്ങൾ പ്രസ്തുത റോഡ് വഴി തിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിലുള്ള 6.600 കി.മീ. നീളമുള്ള പ്രധാന ജില്ലാ പാതയായ കൊരട്ടി ഓരുങ്കൽ കരിമ്പിൻതോട് റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി NABARD-TRANCHE XXVII 2021-22 improvements to Koratty-orungal - Karimpinthodu Road Ch.0/000 to 6/600 Km എന്ന പ്രവൃത്തി 28.10.2023 ൽ ബി.എം & ബി.സി നിലവാരത്തിൽ നവീകരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കാഞ്ഞിരപ്പള്ളി-എരുമേലി റോഡിൽ കുറുവാമൂഴിയിൽ നിന്നും ആരംഭിച്ച് കെ.എസ്.ആർ.ടി.സി ബസ്റ്റാന്റിന് സമീപം വലിയമ്പലത്തിന് പിന്നിലൂടെ കടന്ന് ഏരുമേലി-മുക്കട റോഡിൽ കരിമ്പിൽതോടിൽ എത്തിച്ചേരുന്ന ഈ റോഡ് കാഞ്ഞിരപ്പള്ളി ഭാഗത്തു നിന്നും റാന്നി, പത്തനംതിട്ട, തിരുവനന്തപുരം തുടങ്ങിയ പ്രദേശങ്ങളിലേക്കുള്ള ദീർഘദൂര യാത്രികർക്ക് എരുമേലി ടൗൺ ഒഴിവാക്കി സഞ്ചരിക്കുന്നതിന് ഏറ്റവും അനുയോജ്യമാണ്. ശബരിമല തീർത്ഥാടന കാലത്തും മറ്റും എരുമേലി ടൗണിൽ അഭൂതപൂർവമായ ജനത്തിരക്കാണ് അനുഭവപ്പെടുക. ശബരിമല തീർത്ഥാടന കാലത്ത് എരുമേലി ടൗണിലെ വാഹന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ഏറെ സഹായകരമാകുന്ന ഈ റോഡ് എരുമേലി ബൈപ്പാസ് ആയി പ്രഖ്യാപിച്ച് പുനർനാമകരണം ചെയ്യുന്ന വിഷയം പ്രൊപോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. ദീർഘദൂര യാത്രികരുടെ വാഹനങ്ങൾ പ്രസ്തുത റോഡുവഴി തിരിച്ച് വിടുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് പഞ്ചായത്ത് തല ട്രാഫിക് അഡ്വൈസറി കമ്മറ്റി മുഖേനയാണ്. |

സെക്ഷൻ ഓഫീസർ